**മുൻ വർഷങ്ങളിൽ സ്കോളർഷിപ്പിന് അർഹരായവർക്ക് വീണ്ടും അപേക്ഷ നൽകാൻ നടപടി**

87 [3612] *ശ്രീ. കെ. പി. രാജേന്ദ്രൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ജില്ലാമെരിറ്റ് സ്കോളർഷിപ്പിൽ 2000 മാർച്ചിൽ സെന്റ് ജോസഫ് ആംഗ്ലോ ഇന്ത്യൻ ഗേൾസ് ഹൈസ്കൂളിൽനിന്നും പരീക്ഷ എഴുതിയ അൻജു വി. എസ്.-ന് സ്കോളർഷിപ്പ് നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) 1999 മാർച്ചിൽ ക്രൈസ്റ്റ് കിങ് ഹൈസ്കൂൾ വെളിയമറ്റം, തൊടുപുഴ, ഇടുക്കി ജില്ലയിൽനിന്ന് എസ്. എസ്. എൽ. സി. പരീക്ഷ എഴുതി 561 മാർക്ക് വാങ്ങിയ ജിഷാ ജോസിന് ജില്ലാമെരിറ്റ് സ്കോളർഷിപ്പ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഈ കുട്ടിക്ക് നൽകി വരുന്ന സംഖ്യ എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) 2001 മാർച്ചിൽ എസ്. എസ്. എൽ. സി. പരീക്ഷ എഴുതിയ തൃശ്ശൂർ ജില്ലയിൽ നിന്നുള്ള എത്ര വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അർഹരായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) അപേക്ഷ ലഭിക്കാത്തതുകൊണ്ടും ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ലിസ്റ്റ് വന്നിട്ടില്ലായെന്നതുകൊണ്ടും തൃശ്ശൂർ ജില്ലയിൽ അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) മുൻ വർഷങ്ങളിൽ സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികൾക്കു വീണ്ടും അപേക്ഷ നൽകാൻ അവസരം നൽകുമോ?

*ഉത്തരം*

(എ) 2000 മാർച്ചിൽ എസ്. എസ്. എൽ. സി. പരീക്ഷ എഴുതിയ അൻജു വി. എസ്. എന്ന വിദ്യാർത്ഥിനിക്ക് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ഓഫീസിലെ അവാർഡ് ഉത്തരവ് നമ്പർ 48/2000 തീയ്യതി 17-6-2003 പ്രകാരം +2 കോഴ്സിന് 8000 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് +2 കോഴ്സിന് പഠിച്ചിരുന്ന സ്കൂളിൽ നിന്ന് നഷ്ടപ്പെട്ടു എന്ന വിവരം പിന്നീട് സ്കൂൾ അധികൃതർ റിപ്പോർട്ട് ചെയ്തതനുസരിച്ച് ബദൽ നടപടികൾ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1999 മാർച്ച് മാസം എസ്. എസ്. എൽ. സി. പരീക്ഷ പാസായ ജിഷാ ജോസിന് അവാർഡ് നമ്പർ 190/1999 പ്രകാരം +2 കോഴ്സിന് 6000 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഒന്നും രണ്ടും വർഷ എം. ബി. ബി. എസ്. കോഴ്സിന് 8000 രൂപ 8-11-2004-ലെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

(സി) 2001 മാർച്ചിൽ എസ്. എസ്. എൽ. സി. പരീക്ഷ പാസായ 82 പേർ തൃശ്ശൂർ ജില്ലയിൽ നിന്ന് ജില്ലാമെരിറ്റ് സ്കോളർഷിപ്പിന് അർഹത നേടിയിട്ടുണ്ട്.

(ഡി) യഥാസമയം സ്കോളർഷിപ്പ് ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മതിയായ ബഡ്ജറ്റ് വിഹിതത്തിന്റെ അഭാവവും പരീക്ഷാ ഭവനിൽനിന്ന് സ്കോളർഷിപ്പിന് അർഹരായവരുടെ ലിസ്റ്റ് യഥാസമയം ലഭിക്കാത്തതുമാണ് പ്രധാന കാരണം. ജില്ലാ മെരിറ്റ് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടില്ല. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്.

(ഇ) ജില്ലാ മെരിറ്റ് സ്കോളർഷിപ്പ് അപേക്ഷകർക്ക് അവസരം നൽകുന്നതാണ്.

**നാഷണൽ/ജില്ലാ സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി**

87 [3613] *ശ്രീ. കെ. രാധാകൃഷ്ണൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ മെരിറ്റ് സ്കോളർഷിപ്പ്, ജില്ലാ മെരിറ്റ് സ്കോളർഷിപ്പ് എന്നീ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ ഗുരുതരമായ കാലതാമസമുണ്ടാകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഏത് വർഷം വരെയാണ് വിതരണം ചെയ്തിട്ടുള്ളതെന്നും പുതുതായി ലഭിച്ച എത്ര അപേക്ഷകൾ തീർപ്പുകൽപ്പിക്കാനുണ്ടെന്നും വർഷം തിരിച്ച് വിശദമാക്കാമോ;

(സി) ഈ കാലതാമസത്തിന് കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ അടിയന്തിരമായി ഈ ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

*ഉത്തരം*

(എ) സ്കോളർഷിപ്പ് വിതരണത്തിന് കാലതാമസം ഉണ്ടാകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly